പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 1 — 03.02.2020-ൽ മറുപടിയ്ക്ക്

## ജില്ലാ ആശുപത്രികളെ സ്വകാര്യവൽക്കരിക്കാനുള്ള നീതി ആയോഗിന്റെ നിർദ്ദേശം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജോൺ ഫെർണാണ്ടസ്<br>ശ്രീ. റ്റി.വി.രാജേഷ്<br>ശ്രീ. വി.ജോയി<br>ശ്രീ.എ.പ്രദീപ്കുമാർ | കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ-ശിശു വികസനവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ആരോഗ്യ രംഗത്ത് സ്വകാര്യമേഖലക്കുള്ള മേൽക്കൈ കാരണം ചികിത്സാ ചെലവ് സാധാരണക്കാർക്ക് താങ്ങാൻ കഴിയാത്ത നിലയിലായത് പരിഹരിക്കാൻ സംസ്ഥാന സർക്കാർ പൊതു ആരോഗ്യ മേഖലയെ വിപുലീകരിക്കുന്നതിനും ശാക്തീകരിക്കുന്നതിനും ഫലപ്രദമായ പ്രവർത്തനം നടത്തുന്ന സാഹചര്യത്തിൽ ജില്ലാ ആശുപത്രികളെ സ്വകാര്യവൽക്കരിക്കാനുള്ള നീതി ആയോഗിന്റെ നിർദ്ദേശം സൃഷ്ടിക്കാനിടയുള്ള പ്രശ്നത്തെക്കുറിച്ച് കേന്ദ്ര സർക്കാരിനെ ധരിപ്പിച്ചിട്ടുണ്ടോ; | (എ) & (ബി) | ജില്ലാ ആശുപത്രികളെ സ്വകാര്യവത്കരിക്കുന്നതിനുള്ള നീതി ആയോഗിന്റെ നിർദ്ദേശം നിർബന്ധപൂർവ്വം നടപ്പാക്കാനുള്ളതല്ല. കേരളത്തിൽ ആരോഗ്യ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തി മെച്ചപ്പെട്ട സേവനം നൽകുന്നതിനുള്ള കർമ്മ പദ്ധതികളുമായി സർക്കാർ മുന്നോട്ട് പോകുകയാണ്. നീതി ആയോഗിന്റെ നിർദ്ദേശം കേരളത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നില്ല എന്നതിനാൽ കത്തിടപാടുകൾ നടത്തേണ്ട ആവശ്യകതയും ഈ ഘട്ടത്തിൽ ഉദിക്കുന്നില്ല. |
| (ബി) | കേരളത്തിൽ പോലും സ്വകാര്യ മെഡിക്കൽ കോളേജുകൾ കൈക്കൂലി നൽകി അംഗീകാരം നേടാൻ ശ്രമിച്ചെന്ന് ആക്ഷേപിക്കപ്പെടുന്ന സാഹചര്യത്തിലും അത്തരത്തിലുള്ള ഒരു സ്വാകാര്യ മെഡിക്കൽ കോളേജ് അടിസ്ഥാന സൗകര്യവും യോഗ്യരായ അദ്ധ്യാപകരുമില്ലാതെ പൂട്ടേണ്ടി വന്ന സാഹചര്യത്തിലും മികച്ച രീതിയിൽ | | |

| | | | |
|---|---|---|---|
| | പ്രവർത്തിക്കുന്ന ജില്ലാ ആശുപത്രികളെ സ്വകാര്യവൽക്കരിക്കുന്നത് സംസ്ഥാനത്തുണ്ടാക്കാനിടയുള്ള പ്രാത്യാഘാതം കണക്കിലെടുത്ത് ഈ നിർദ്ദേശം പിൻവലിക്കാൻ നീതി ആയോഗിനോട് ആവശ്യപ്പെട്ടുമോ; | | |
| (സി) | വിശദമായ ചർച്ചയോ പഠനമോ കൂടാതെ കേന്ദ്ര സർക്കാർ കൊണ്ടു വന്ന മെഡിക്കൽ കമ്മീഷൻ നിയമത്തിലൂടെ കമ്മ്യൂണിറ്റി ഹെൽത്ത് പ്രൊവൈഡർമാരെ സൃഷ്ടിച്ച് ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സംവിധാനം ദുർബലപ്പെടുത്തുന്നതിനുള്ള നീക്കത്തിന്റെ തുടർച്ചയായുള്ള ഇത്തരം നടപടികൾ, ആയുർ ദൈർഘ്യത്തിലും മാതൃ-ശിശു മരണ നിരക്കിലും ചികിത്സാ സൗകര്യങ്ങളിലും വികസിത രാജ്യങ്ങൾക്കൊപ്പമെത്തിക്കാനുള്ള സംസ്ഥാനത്തിന്റെ യത്നത്തെ പ്രതികൂലമായി ബാധിക്കാതിരിക്കാൻ നടത്തുന്ന പ്രവർത്തനം വിശദമാക്കാമോ? | (സി) | നാഷണൽ മെഡിക്കൽ കമ്മീഷൻ ബിൽ നിയമമാക്കുന്നതിന് മുൻപ് തന്നെ ബില്ലിലെ വ്യവസ്ഥകളെ സംബന്ധിച്ച അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിച്ചിരുന്നു. ഈ നിയമത്തിലെ പല വ്യവസ്ഥകളെ സംബന്ധിച്ചും ആശങ്കകൾ ഉയർന്നുവന്നിട്ടുള്ള സാഹചര്യത്തിൽ ഈ നിയമത്തെ കുറിച്ച് സമഗ്രമായി പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി രജിസ്ട്രാർ, ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ കൗൺസിൽസ് കൺവീനറായിട്ടുള്ള ഒരു കമ്മിറ്റിയെ 16/12/2016 ലെ സ.ഉ.(കൈ)187/2019/ആ.ക.വ നമ്പർ ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുണ്ട്.<br>സംസ്ഥാനത്തെ പൊതുജനാരോഗ്യരംഗം ശക്തിപ്പെടുത്തുന്നതിനും ആധുനികവൽക്കരിക്കുന്നതിനുമുള്ള വിവിധങ്ങളായ പദ്ധതികൾ ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ആരോഗ്യ രംഗം മെച്ചപ്പെടുത്തുന്നതിന് വേണ്ടി നവ കേരള കർമ്മ പദ്ധതിയുടെ ഭാഗമായി സർക്കാർ ഏർപ്പെടുത്തിയതാണ് 'ആർദ്രം പദ്ധതി'. ഈ പദ്ധതിയുടെ ഭാഗമായി സർക്കാർ ആശുപത്രികളിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനും നൂതന ആരോഗ്യ പരിപാടികൾക്ക് രൂപം നൽകുന്നതിനും ആധുനികരീതിയിലുള്ള ആശുപത്രി ഉപകരണങ്ങൾ ലഭ്യമാക്കി സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗം ഡോക്ടർമാർ അടക്കമുള്ള അധിക |

| | | | |
|---|---|---|---|
| | | | ജീവനക്കാരെ നിയമിച്ച് ആരോഗ്യ സേവനങ്ങൾ വിപുലപ്പെടുത്തുന്നതിനുമുള്ള വിവിധങ്ങളായ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങാളാക്കി ഉയർത്തുന്നത് വഴി മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ തന്നെ ലഭ്യമാക്കുന്നതിനും, ജില്ലാ/ജനറൽ ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും, താലൂക്ക് ആശുപത്രികളിൽ നിശ്ചിത മാനദണ്ഡങ്ങളോടു കൂടിയ ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമുള്ള പ്രവർത്തനങ്ങൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജുകളിൽ മാത്രം ലഭ്യമായിരുന്ന സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ (കാർഡിയോളജി, ന്യൂറോളജി, നെഫ്രോളജി) ജില്ലാ ആശുപത്രികളിലേക്ക് വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി കാത്ത് ലാബ് സൗകര്യങ്ങൾ ജില്ലാ/ജനറൽ ആശുപത്രികളിൽ തുടങ്ങി. താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് കേന്ദ്രങ്ങൾ കൂടുതലായി ആരംഭിച്ചു. കാൻസർ സെന്ററുകളിൽ മാത്രം ലഭ്യമായിരുന്ന കാൻസർ ചികിത്സാ സൗകര്യങ്ങൾ മെഡിക്കൽ കോളേജുകളിൽ വിപുലമാക്കി. മെഡിക്കൽ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.<br>കണ്ണൂർ പരിയാരത്ത് പ്രവർത്തിക്കുന്ന മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്തു. ഇത് കൂടാതെ, കോന്നി, കാസർഗോഡ്, വയനാട്, എന്നി മെഡിക്കൽ കോളേജുകൾ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ആരോഗ്യ വകുപ്പിന്റെ പ്ലാൻ ഫണ്ട്, |

| | | | |
|---|---|---|---|
| | | | കിഫ്ബി ഫണ്ട്, നബാർഡ്, ദേശീയ ആരോഗ്യ മിഷൻ, എം.പി/എം.എൽ.എ ആസ്തിവികസന ഫണ്ട്, കോർപ്പറേറ്റ് സോഷ്യൽ റസ്പൺസിബിലിറ്റി ഫണ്ട്, തദ്ദേശ സ്ഥാപനങ്ങളുടെ ഫണ്ട് തുടങ്ങിയ വഴി മാസ്റ്റർ പ്ലാനിന് ഉന്നൽ കൊടുത്തു കൊണ്ടുള്ള അടിസ്ഥാന സൗകര്യ വികസന പ്രവർത്തികൾ മെഡിക്കൽ കോളേജുകൾ, കാൻസർ ചികിത്സാ കേന്ദ്രങ്ങൾ ഉൾപ്പെടെ സംസ്ഥാനത്തെ വിവിധ സർക്കാർ ആശുപത്രികളിൽ നടപ്പിലാക്കി വരുന്നുണ്ട്. മാതൃ-ശിശു മരണ നിരക്ക് കുറയ്ക്കുക എന്ന ലക്ഷ്യത്തോട് കൂടി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ, മെറ്റേണിറ്റി യൂണിറ്റുകൾ എന്നിവ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ കൈകൊണ്ടിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സൂപ്പർ സ്പെഷ്യാലിറ്റി /സ്പെഷ്യാലിറ്റി വിഭാഗങ്ങളിലെ ഡോക്ടർമാർ, മറ്റു പരാമെഡിക്കൽ ജീവനക്കാർ, കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ തസ്തികകൾ എന്നിവ ഉൾപ്പെടെ ആരോഗ്യ വകുപ്പിൽ 5127 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.<br>ജീവിതശൈലി രോഗ നിയന്ത്രണ പ്രവർത്തനങ്ങളുടെ ഭാഗമായി ജില്ലാതല ആശുപത്രികളിൽ സ്ട്രോക്ക് യൂണിറ്റുകൾ, കാൻസർ കെയർ യൂണിറ്റുകൾ എന്നിവ ആരംഭിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജുകൾ ഉൾപ്പെടെ സംസ്ഥാനത്തെ ആശുപത്രികളിൽ ഒ.പി വിഭാഗം രോഗി സൗഹൃദമാക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നുണ്ട്. 'ഇ-ഹെൽത്ത്' പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി തുടങ്ങിയിട്ടുണ്ട്. സമഗ്ര ട്രോമാ കെയർ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ മെഡിക്കൽ കോളേജ്/ജനറൽ/ ജില്ലാ/താലൂക്ക് ആശുപത്രികളിലെ അത്യാഹിത വിഭാഗം |

| | | | |
|---|---|---|---|
| | | | ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ എടുത്തു വരുന്നുണ്ട്. സംസ്ഥാനത്താകമാനം വഹനാ പകടങ്ങളിൽപെടുന്നവരെ അടിയന്തരമായി ആശുപത്രിയിൽ എത്തിച്ച് ചികിത്സ ലഭ്യമാക്കുന്ന തിനായി 'കനിവ്-108' എന്ന പേരിലുള്ള സൗജന്യ ആംബുലൻസ് ശൃംഖലയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വിവിധ വകുപ്പുകളുടെയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും പൊതുജനങ്ങളുടെയും പങ്കാളി ത്തത്തോടു കൂടി 'ആരോഗ്യ ജാഗ്രത' എന്ന പേരിൽ വിപുലമായ കാമ്പയിൻ പരിപാടി ഓരോ വർഷവും നടപ്പിലാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ